




1. 200 മീറ്ററിൽ വെള്ളി മെഡൽ നേടിയ കൊല്ലം ശാസ്താംകോട്ട മനോവികാസിലെ ആര്യ , 2. ഭാരോദ്വഹനത്തിൽ മൂന്ന് സ്വർണവും ഒരു വെള്ളിയും നേടിയ അമൻജോത് സിങ് വിജയപീഠത്തിൽ
ഫോട്ടോ: സൂര്യ നന്ദൻ രാജ്

# ഇന്ത്യൻ മെഡൽ 70; ആര്യക്ക് വെള്ളി, രാഹുലിന് വെങ്കലം

## അമൻജോതിന് മൂന്ന് സ്വർണം

എസ്.എം. നൗഫൽ

**അബൂദബി:** സ്പെഷൽ ഒളിമ്പിക്സ് വേൾഡ് ഗെയിംസ് ഭാരോദ്വഹനത്തിൽ പഞ്ചാബിൻെറ അമൻജോത് സിങ്ങിന് വിവിധ വിഭാഗങ്ങളിൽ മൂന്ന് സ്വർണവും ഒരു വെള്ളിയും.

ഇതുൾപ്പെടെ രണ്ട് ദിവസങ്ങളിലായി ഇന്ത്യ 70 മെഡൽ നേടി. 18 സ്വർണവും 22 വെള്ളിയും 30 വെങ്കലവുമാണ് ഇന്ത്യയുടെ സമ്പാദ്യം. ഭാരോദ്വഹനത്തിൽ അഭിശ്രുത് ദിവാകർ (മഹാരാഷ്ട്ര), അങ്കിത് പൻവാർ (ഡൽഹി), ശബ്നം (ഡൽഹി) എന്നിവർ രണ്ട് വീതം വെള്ളി നേടി. എ. അസ്മിത (ഡൽഹി), ഫലക്നാസ് ഹൈദർ ഇന്ത്യ സ്പെഷൽ സ്കൂളിലെ എ. രാഹുൽ എന്നിവർ വെങ്കലം കരസ്ഥമാക്കി.



എ. രാഹുൽ

50 മീറ്റർ ഫ്രീ സ്റ്റൈൽ നീന്തൽ പുരുഷ വിഭാഗത്തിൽ എ. മന്ത്ര (ഗുജറാത്ത്) സ്വർണവും വനിത വിഭാഗത്തിൽ അർച്ചന (കർണാടക) വെങ്കലവും നേടി. മറ്റൊരു വിഭാഗം നീന്തലിൽ ആരതി കൃഷ്ണമൂർത്തി (തമിഴ്നാട്) വെങ്കലം നേടി.

റോളർ സ്കേറ്റിങ്ങിൽ എ. പ്രിയങ്ക (ഡൽഹി), ആയുഷി ശർമ (യു.പി) എന്നിവർ സ്വർണവും ദീപ്തി (ആന്ധ്രപ്രദേശ്), ഹാർദിക് അഗർവാൾ (ചണ്ഡിഗഢ്), ഹുജേഫ ശൈഖ് (മഹാരാഷ്ട്ര), പ്രിയ ഗാദ (മഹാരാഷ്ട്ര) എന്നിവർ വെള്ളിയും സ്വന്തമാക്കി.

സൈക്ലിങ്ങിൽ ഹസി ദുബെ (പശ്ചിമ ബംഗാൾ), ആരിഫ് ഷെയ്ഖ് (മഹാരാഷ്ട്ര) എന്നിവർ വെള്ളിയും ജയശ്രീ മധുമോഹൻ, എ. രാഹുൽ, ഹരിവർധൻ, വൈദായ നയൻകുമാർ (ഗുജറാത്ത്), സെയ്നി ധീരജ് (രാജസ്ഥാൻ) എന്നിവർ വെങ്കലവും കരസ്ഥമാക്കി.

അത്ലറ്റിക്സിൽ പൂജ ശങ്കർ, മധുർബാല മീന എന്നിവർ വെള്ളി നേടി. ജൂഡോയിൽ സോനുകുമാറും (ഹരിയാന) വെറ്റിയും (ആന്ധ്രപ്രദേശ്) സ്വർണം നേടി.